**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **27-07-2021 - ൽ മറുപടിയ്ക്ക്**

**നെൽവയൽ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എ. പ്രഭാകരൻ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; കോൾനിലങ്ങളിൽ ഉൾപ്പെടെ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കാൻ ആവശ്യമായ സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു : 2500 ഹെക്ടർ സ്ഥലത്ത് രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതി പ്രകാരം ഗുണമേന്മയുള്ള നെൽവിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകി വരുന്നു. ഇതിന്റെ ഭാഗമായി 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കു ന്നത്. ഗുണമേന്മയുള്ള വിത്തുകൾ വളം, ജൈവ ഉല്പാദനോപാധികൾ, ജൈവ നിയന്ത്രണ കാരികൾ തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 5500/- രൂപ നിരക്കിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിനായി 8584.84 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നു. കരനെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13,600/- രൂപ സബ്സിഡിയായി നൽകിവരുന്നു. ഇതിനായി 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രത്യേക നെല്ലിനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 10,000/- രൂപ സബ്സിഡി നൽകി |

വരുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ 'തരിശ് നെൽകൃഷി' യിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നു. ഇതിനായി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്റ്റ് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നുണ്ട്. ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായം വിതരണം ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 5400 രൂപ ധനസഹായം നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നിരക്കിൽ നോൺപ്ലാനിൽ ഉൾപ്പെടുത്തി നൽകുന്നു. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22500 രൂപയുടെ ആനുകൂല്യം കർഷകർക്ക് നൽകുന്നുണ്ട്. പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15000/Ha രൂപ നിരക്കിലും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് 35000/Ha രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന

| | | | |
|---|---|---|---|
| | | | നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 28 രൂപ നിരക്കിൽ സംഭരിക്കുകയും ചെയ്യുന്നു. നെൽകൃഷിയുടെ വിസ്തൃതിയും, ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയാക്കുന്നതിന് പ്രോത്സാഹനമായി കർഷകർക്ക് ധനസഹായം നൽകി വരുന്നു. 500 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾക്കുള്ള ആനുകൂല്യമായി ഹെക്ടറിന് 10000രൂപ പ്രകാരം 50 ലക്ഷം രൂപ ഇതിനായി നീക്കി വെച്ചിട്ടുണ്ട്. കൂടാതെ കോൾ നിലങ്ങളിൽ ഇരുപ്പൂകൃഷിയുടെ പ്രോത്സാഹനത്തിനായി പ്രത്യേകമായി 200 ലക്ഷം രൂപ വകയിരുത്തി 'ഓപ്പറേഷൻ കോൾ ഡബിൾ' എന്ന പദ്ധതി നടപ്പിലാക്കുന്നു. പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുക, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾ നടപ്പാക്കുക എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000രൂപ പ്രകാരം ആനുകൂല്യം നൽകുന്നതിനും, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ, ചോളം, എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. വൈദ്യുതി കണക്ഷൻ/ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കും തുക നീക്കി വച്ചിട്ടുണ്ട്. 200 ലക്ഷം രൂപയാണ് ഓപ്പറേഷൻ കോൾ ഡബിൾ പദ്ധതിക്കായി നീക്കി വെച്ചിട്ടുള്ളത്. |
| (ബി) | നെൽവയൽ സംരക്ഷണത്തിന് കർഷകർക്ക് റോയൽറ്റി നൽകുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുണ്ടോ; | (ബി) | ഉണ്ട്. നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000രൂപ നൽകുന്ന ഒരു നൂതന പദ്ധതിയാണിത്. 2020-21 വർഷം ആരംഭിച്ച ഈ പദ്ധതിപ്രകാരം പ്രസ്തുത വർഷത്തിൽ 762.40950 ലക്ഷം രൂപ 88036 കർഷകർക്കായി നൽകുകയുണ്ടായി. 2021-22 വർഷത്തിൽ റോയൽറ്റി നൽകുന്നതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | മൂവായിരം ഹെക്ടറിൽ അധികം വരുന്ന പൊന്നാനി കോൾപാടങ്ങൾ സംരക്ഷിക്കുന്നതിന് ഭാരതപ്പുഴയും ബിയ്യം കായലുമായി ബന്ധിപ്പിക്കുന്ന തോടുകൾ ആഴം കൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കണമെന്നും താല്കാലിക ബണ്ടിനു പകരം സ്ഥിരം ബണ്ട് നിർമ്മിക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കുമോ? | (സി) | തൃശ്ശൂർ പൊന്നാനി സമഗ്ര കോൾ നില വികസന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തിയിലും അത് പോലെ നൂറടി തോടുപുനരുദ്ധാരണ പ്രവൃത്തിയിലും ഉൾപ്പെടുത്തി കേരള ഭൂവികസന കോർപ്പറേഷൻ പൊന്നാനി കോൾ മേഖലയിൽ ഏകദേശം 56 കി.മീ. നീളത്തിൽ പാടശേഖരങ്ങളുടെ താൽക്കാലിക |

| | | | |
|---|---|---|---|
| | | | പുറംബണ്ടുകൾക്ക് പകരമായി സ്ഥിരം ബണ്ട് നിർമ്മാണം RIDF പദ്ധതിയിൽ Phase- I ആയി പൂർത്തീകരിച്ചിട്ടുണ്ട്. കോൾ നില വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലുമുൾപ്പെടുത്തി ഏകദേശം 6 കി.മീ. നീളത്തിൽ സ്ഥിരം ബണ്ട് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ, പൊന്നാനി-തൃശ്ശൂർ മേഖലയിലെ കോൾ പാടങ്ങളിലെ കാർഷിക വികസനവുമായി ബന്ധപ്പെട്ട് ഭാരതപ്പുഴയിലെ വെള്ളം ചെറുതോട് വഴി ബിയ്യം കായലിൽ എത്തിക്കുവാനും ചെറുതോട്ടും, വലിയതോട്ടും ബന്ധിപ്പിക്കുന്ന ഇടത്തോട് വഴി മാന്തൂർ കായലിൽ വെള്ളം എത്തിക്കുവാനും ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയുടെ പ്രാഥമിക സർവ്വേ മേജർ ഇറിഗേഷൻ വകുപ്പിന്റെ പൊന്നാനി സബ് ഡിവിഷൻ ഓഫീസ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ